**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 930** **29-08-2022 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക വിഭാഗങ്ങൾക്ക് നൽകുന്ന വായ്പ്കൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഏതെല്ലാം തരത്തിലുള്ള വായ്പകളാണ് പിന്നാക്ക വിഭാഗങ്ങൾക്ക് സർക്കാർ നൽകി വരുന്നത്; | (എ) | പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ കിഴിൽ ഉള്ള കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ,കേരള സംസ്ഥാന കളിമൺ പാത്ര നിർമാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ എന്നീ കോർപ്പറേഷനുകൾ വഴി പിന്നാക്ക വിഭാഗങ്ങൾക്ക് സർക്കാർ വിവിധ തരത്തിലുള്ള വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ സ്വന്തം ഫണ്ടുപയോഗിച്ചും, ദേശീയ പിന്നോക്ക വിഭാഗ ഫിനാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (NBCFDC ), ദേശീയ സഫായ് കർമ്മചാരീസ് ഫിനാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (NSKFDC ) തുടങ്ങിയ ദേശീയ ഏജൻസികളുടെ ധനസഹായത്തോടെയും കേരളത്തിലെ പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി ജില്ലാ/ഉപജില്ലാ ഓഫീസുകൾ മുഖേന വിവിധ തരത്തിലുള്ള വായ്പാ പദ്ധതികൾ കുറഞ്ഞ പലിശ നിരക്കിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ അനുബന്ധം -I ആയി ചേർക്കുന്നു.<br><br>കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ വഴി പരിവർത്തിത ക്രൈസ്തവർക്കും ശുപാർശിത വിഭാഗത്തിൽപ്പെട്ടവർക്കും നൽകിവരുന്ന വായ്പകളുടെ വിശദംശം അനുബന്ധം -II ആയി ചേർക്കുന്നു.<br><br>പിന്നാക്ക വിഭാഗത്തിൽപ്പെടുന്ന കളിമൺപാത്ര നിർമ്മാണ വിപണന തൊഴിലാളികൾക്ക് കേരള സംസ്ഥാന കളിമൺ പാത്ര നിർമാണ വിപണന |

| | | | |
|---|---|---|---|
| | | | ക്ഷേമ വികസന കോർപ്പറേഷൻ വഴി താഴെ പറയുന്ന രണ്ട് പദ്ധതികളിലൂടെ വായ്പ നൽകി വരുന്നു.<br><br>1. കളിമൺപാത്ര നിർമ്മാണ യൂണിറ്റ് വായ്പ.<br><br>2. കളിമൺപാത്ര വിപണന പ്രവർത്തന മൂലധന വായ്പ.<br><br>(മേൽവിവരിച്ച രണ്ട് പദ്ധതികളിലും പരമാവധി വായ്പ തുക 2 ലക്ഷം രൂപയും പലിശ നിരക്ക് 6%, തിരിച്ചടവ് കാലാവധി 5 വർഷവുമാണ്.)<br><br>3. സ്വയംസഹായ ഗ്രൂപ്പുകൾക്ക് കുടുംബശ്രീ മാതൃകയിൽ വായ്പ നൽകുന്നതിനുള്ള സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. ഒരു ഗ്രൂപ്പിന് പരമാവധി 5 ലക്ഷം രൂപ 36 മാസ കാലാവധിയിലാണ് വായ്പ നൽകാൻ ഉദ്ദേശിക്കുന്നത്. സി.ഡി.എസ്-കൾ മുഖേന നടപ്പിലാക്കുന്ന ഈ വായ്പയ്ക്ക് 6% ആണ് പലിശനിരക്ക്. |
| (ബി) | വായ്പയും നൽകുന്ന സ്ഥാപനങ്ങളും വായ്പകളുള്ള പലിശയും എത്രയെന്ന് വിശദമാക്കാമോ? | (ബി) | പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ കിഴിൽ ഉള്ള കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ,കേരള സംസ്ഥാന കളിമൺ പാത്ര നിർമാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ എന്നീ കോർപ്പറേഷനുകൾ വഴി പിന്നാക്ക വിഭാഗങ്ങൾക്ക് സർക്കാർ വിവിധ തരത്തിലുള്ള വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ സ്വന്തം ഫണ്ടുപയോഗിച്ചും, ദേശീയ പിന്നോക്ക വിഭാഗ ഫിനാൻസ് ഡെവലപ്മെൻറ് കോർപ്പറേഷൻ (NBCFDC ), ദേശീയ സഫായ് കർമ്മചാരീസ് ഫിനാൻസ് ഡെവലപ്മെൻറ് കോർപ്പറേഷൻ (NSKFDC ) തുടങ്ങിയ ദേശീയ ഏജൻസികളുടെ ധനസഹായത്തോടെയും കേരളത്തിലെ പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി ജില്ലാ/ഉപജില്ലാ ഓഫീസുകൾ മുഖേന വിവിധ തരത്തിലുള്ള വായ്പാ പദ്ധതികൾ കുറഞ്ഞ പലിശ നിരക്കിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ അനുബന്ധം -I ആയി ചേർക്കുന്നു.<br><br>കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ വഴി പരിവർത്തിത ക്രൈസ്തവർക്കും ശുപാർശിത |

| | | | |
|---|---|---|---|
| | | | വിഭാഗത്തിൽപ്പെട്ടവർക്കും നൽകിവരുന്ന വായ്പകളുടെ വിശദാംശം അനുബന്ധം -II ആയി ചേർക്കുന്നു.<br><br>പിന്നാക്ക വിഭാഗത്തിൽപ്പെടുന്ന കളിമൺപാത്ര നിർമ്മാണ വിപണന തൊഴിലാളികൾക്ക് കേരള സംസ്ഥാന കളിമൺ പാത്ര നിർമാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ വഴി താഴെ പറയുന്ന രണ്ട് പദ്ധതികളിലൂടെ വായ്പ നൽകി വരുന്നു.<br><br>1. കളിമൺപാത്ര നിർമ്മാണ യൂണിറ്റ് വായ്പ.<br><br>2. കളിമൺപാത്ര വിപണന പ്രവർത്തന മൂലധന വായ്പ.<br><br>(മേൽവിവരിച്ച രണ്ട് പദ്ധതികളിലും പരമാവധി വായ്പ തുക 2 ലക്ഷം രൂപയും പലിശ നിരക്ക് 6%, തിരിച്ചടവ് കാലാവധി 5 വർഷവുമാണ്.)<br><br>3. സ്വയംസഹായ ഗ്രൂപ്പുകൾക്ക് കുടുംബശ്രീ മാതൃകയിൽ വായ്പ നൽകുന്നതിനുള്ള സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. ഒരു ഗ്രൂപ്പിന് പരമാവധി 5 ലക്ഷം രൂപ 36 മാസ കാലാവധിയിലാണ് വായ്പ നൽകാൻ ഉദ്ദേശിക്കുന്നത്. സി.ഡി.എസ്-കൾ മുഖേന നടപ്പിലാക്കുന്ന ഈ വായ്പയ്ക്ക് 6% ആണ് പലിശനിരക്ക്. |

സെക്ഷൻ ഓഫീസർ

## കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന വായ്പാ പദ്ധതികൾ

### മറ്റു പിന്നോക്ക വിഭാഗങ്ങൾക്കായുള്ള (OBC) പദ്ധതികൾ - NBCFC പദ്ധതികൾ

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. സ്വയം തൊഴിൽ പദ്ധതി (3,00,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | 15 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിനുമുകളിൽ 10 ലക്ഷം വരെ - 7%<br>10 ലക്ഷത്തിനുമുകളിൽ - 8% |
| 2. വനിതകൾക്കായുള്ള പ്രത്യേക സ്വയം തൊഴിൽ വായ്പ (ന്യൂ സ്വർണ്ണിമ) (3,00,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | 2 ലക്ഷം രൂപ | 5% |
| 3. വിദ്യാഭ്യാസ വായ്പാ പദ്ധതി (3,00,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | ഇന്ത്യയ്ക്ക് അകത്ത് പഠിക്കുന്നതിന് 15 ലക്ഷം രൂപ (പ്രതിവർഷം 3 ലക്ഷം രൂപ)<br><br>വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതി വർഷം 4 ലക്ഷം രൂപ) | ആൺകുട്ടികൾക്ക് - 4%<br>പെൺകുട്ടികൾക്ക് - 3.5% |
| 4. ലഘുവായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ) (3,00,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | CDS കൾക്ക് പരമാവധി 3 കോടി രൂപ<br>NGO -യ്ക്ക് പരമാവധി 3 കോടി രൂപ | NGO/CDS-4 %, SHG-ക്ക് -5% |
| 5. മഹിളാ സമൃദ്ധി യോജന (വനിതകൾക്കുള്ള ലഘു വായ്പ) (3,00,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | CDS-കൾക്ക് പരമാവധി 3 കോടി രൂപ | CDS-3%, SHG-ക്ക് -4% |
| 6. റി-ടേൺ വായ്പാ പദ്ധതി (പ്രവാസ ജീവിതത്തിനു ശേഷം നാട്ടിൽ സ്ഥിരതാമസമാക്കുന്നതിനുവേണ്ടി മടങ്ങിവരുന്നവർക്കുള്ള പദ്ധതി) (3,00,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | 30 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിനുമുകളിൽ 10 ലക്ഷം വരെ - 7%<br>10 ലക്ഷത്തിനുമുകളിൽ 8% |
| | **പ്രത്യേക ആനുകൂല്യം**<br>പദ്ധതി അടങ്കലിൻറെ 15 % വരെ മൂലധന സബ്സിഡി<br>വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങളിൽ 3% | |

| | | |
|---|---|---|
| | പലിശ സബ്സിഡി. | |
| 7. സ്റ്റാർട്ട്-അപ്പ് വായ്പാ പദ്ധതി<br>(പ്രൊഫഷണലുകൾക്ക് യോഗ്യതാടിസ്ഥാനത്തിൽ വരുമാന ദായക സംരംഭം ആരംഭിക്കുന്നതിനായി)<br>(3,00,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | 20 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിനുമുകളിൽ 10 ലക്ഷം വരെ - 7%<br>10 ലക്ഷത്തിനുമുകളിൽ 8% |
| | **<u>പ്രത്യേക ആനുകൂല്യം</u>**<br>വായ്പാ തുകയുടെ 20% (പരമാവധി 2 ലക്ഷം രൂപ) പിന്നോക്ക വിഭാഗ വികസന വകുപ്പിൽ നിന്നുള്ള സബ്സിഡി | |
| 8. റീ-ലൈഫ് (ചെറിയ മൂലധന നിക്ഷേപം ആവശ്യമായ നാമമാത്ര / ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനായി)<br>(1,20,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | 1 ലക്ഷം രൂപ | പലിശ നിരക്ക് - 5% |
| | **<u>പ്രത്യേക ആനുകൂല്യം</u>**<br>വായ്പാ തുകയുടെ 50% (പരമാവധി 25,000 രൂപ) പിന്നോക്ക വിഭാഗ വികസന വകുപ്പിൽ നിന്നുള്ള സബ്സിഡി | |

**ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വ്യക്തികൾക്ക് - NSKFDC പദ്ധതികൾ**

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1) ലഘുവായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ) | CDS/NGO - 3 കോടി രൂപ | CDS/NGO -4%<br>SHG - 5% |
| 2) മഹിളാ സമൃദ്ധി യോജന (വനിതകൾക്കുള്ള ലഘു വായ്പ)<br>(വരുമാന പരിധി ബാധകമല്ല.) | CDS/NGO - 3 കോടി രൂപ | CDS/NGO-3%,<br>SHG- 4% |

KSBCDC ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന വായ്പാ പദ്ധതികൾ

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. പെൺകുട്ടികളുടെ വിവാഹ വായ്പാ പദ്ധതി<br>(3,00,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | 2 ലക്ഷം രൂപ | 6% |
| 2. സുവർണ്ണ ശ്രീ വായ്പ (ബഹുവിധ ആവശ്യങ്ങൾക്ക്)<br>(3,00,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 8% |
| 3. പ്രവർത്തന മൂലധന വായ്പ<br>(3,00,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 7% |
| 4. ബിസിനസ്സ് ഡെവലപ്മെൻറ് വായ്പ | 5 ലക്ഷം രൂപ | 8% |

| | | |
|---|---|---|
| (8,00,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | | |
| 5. വിദ്യാശ്രീ വായ്പ<br>(3,00,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 6% |
| 6. വാഹന വായ്പ<br>(3,00,000/- രൂപയ്ക്ക് മുകളിൽ 15,00,000/- രൂപയ്ക്ക് താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | 8 ലക്ഷം രൂപ | 8% |
| 7. ഗൃഹ പുനരുദ്ധാരണ വായ്പ (സ്വസ്ഥഗൃഹ)<br>(3,00,000/- രൂപയ്ക്ക് മുകളിൽ 15,00,000/- രൂപയ്ക്ക് താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 9% |
| 8. വ്യക്തിഗത വായ്പ<br>(3,00,000/- രൂപയ്ക്ക് മുകളിൽ 15,00,000/- രൂപയ്ക്ക് താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 9.50% |
| 9. എന്റെ വീട് (ഭവന നിർമ്മാണ വായ്പ പദ്ധതി) - 1<br>(1,20,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 6.50 % |
| 12. എന്റെ വീട് (ഭവന നിർമ്മാണ വായ്പ പദ്ധതി) - 2<br>(3,00,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | 10 ലക്ഷം രൂപ | 7.00 % |

**അനുബന്ധം -II**

കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ വഴിപരിവർത്തിത ക്രൈസ്തവർക്കും ശുപാർശിത വിഭാഗത്തിൽപ്പെട്ടവർക്കും നൽകി വരുന്ന വായ്പാ പദ്ധതികൾ

| ക്രമ നം. | പദ്ധതികൾ | പലിശ നിരക്ക് |
|---|---|---|
| 1 | ഭവന നിർമ്മാണ വായ്പ | 6% |
| 2 | ഭവന പുനരുദ്ധാരണ വായ്പ | 6% |
| 3 | ഉയർന്ന വരുമാനക്കാർക്കുള്ള ഭവനവായ്പ പദ്ധതി | 7% |
| 4 | ഭവന പൂർത്തീകരണ വായ്പ | 6% |
| 5 | ഭൂരഹിത ഭവനരഹിത വായ്പ | 6% |
| 6 | വീടും സ്ഥലവും വായ്പ പദ്ധതി | 6% |
| 7 | വിവാഹ വായ്പ | 5% |
| 8 | സ്വയംതൊഴിൽ വായ്പ | 6% |
| 9 | വിദ്യാഭ്യാസ വായ്പ | 4.5% |
| 10 | പ്രൊഫഷണലുകൾക്കുള്ള 'സ്റ്റാർട്ടപ് വായ്പാ പദ്ധതി' | 8% |
| 11 | പഠന ആവശ്യങ്ങൾക്കായി ലാപ്ടോപ് വാങ്ങുന്നതിനുള്ള പദ്ധതി | 6% |
| 12 | പൊതു വിദ്യാഭ്യാസ വായ്പ | 6% |
| 13 | വ്യക്തിഗത വായ്പ | 8% |
| 14 | സർക്കാർ/അർദ്ധസർക്കാർ ജീവന ക്കാർക്കുള്ള വ്യക്തിഗത വായ്പ | 10% |
| 15 | സർക്കാർ ഉദ്യോഗസ്ഥർക്കുള്ള വാഹന വായ്പ | 10% |
| 16 | ഉയർന്ന വരുമാനമുള്ള ലക്ഷ്യവിഭാഗക്കാർ ക്കുള്ള വ്യക്തിഗത വായ്പ | 10% |
| 17 | ഉയർന്ന വരുമാനമുള്ളവർക്ക് വ്യവസായ വായ്പ | 11% |
| 18 | കൃഷിഭൂമി വായ്പ | 5.5% |
| 19 | കാർഷിക വായ്പ പദ്ധതി | 4% |